

Gooseberry
Books & Publications
നവഫാസിസത്തിന്റെ വർത്തമാനം
ഹാപ്പിലി
നിന്നുകത്തുന്ന കടലുകൾ
സിൽക്ക് റൂട്ട്
പറന്ന്... പറന്ന്... പറന്ന്...
Catalogue
2024
100 ഗുളികവിതകൾ



# പെൺപത്ത്

രജനി പാലാമ്പറമ്പിൽ
രഹന ഫാത്തിമ
സിന്ധു മാങ്ങണിയൻ
വിജി റഹ്മാൻ
അലീന
ജെ ദേവിക
ജി ഉഷാകുമാരി
ജോളി ചിറയത്ത്
ബിലു പത്മിനി നാരായണൻ
ശോഭ കരിപ്പാടത്ത്





ആ നെല്ലിമരം പുല്ലാണ്
രജനി പാലാമ്പറമ്പിൽ
ആത്മകഥ

**വില :₹ 200**

രണ്ടാം പതിപ്പ്

ISBN: 9788195026524

കറുത്ത പെണ്മയുടെ അതിജീവനശേഷി സാമൂഹ്യവും സാമൂഹ്യേതരവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന്റെ സവിശേഷ സൗന്ദര്യാനുഭവങ്ങളും ശക്തിയും കൊണ്ട് സമ്പന്നമായ ജീവിതമെഴുത്ത്. വായന-അക്കാദമിക്-മാധ്യമ ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട കൃതി. വാക്കുകളുടെ അനുഭവ സൂക്ഷ്മതയും ആഖ്യാനത്തിന്റെ മാനകത്വവും ദലിത് ജീവിതത്തിന്റെ ആഴത്തിലുള്ള ചരിത്രാവബോധങ്ങളെ സൃഷ്ടിക്കുന്നു. സമകാലീനത, സർഗാത്മകത, ജ്ഞാനരൂപീകരണം പരമ്പരയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന പത്ത് ദലിത്-ബഹുജൻ സ്ത്രീകളുടെ രചനകളിൽ ഉൾപ്പെട്ട പുസ്തകം.





സിൽക്ക് റൂട്ട്
അലീന
കവിതകൾ

**വില :** ₹ 200

ISBN: 9788195026531

രണ്ടാം പതിപ്പ്

സമകാലീന യുവകവിതയുടെ ദലിത് സ്ത്രീ പതിപ്പ് എന്ന് വിശേഷിപ്പിക്കാവുന്ന കവിതകൾ. ബഹുസ്വരമായ ആഭ്യന്തര ലോകം വെളിപ്പെടുത്തുന്ന രചനകൾ. ആധുനികോത്തര സ്ത്രീപക്ഷ രചനകളിൽ നിന്ന് വ്യത്യസ്തമായി അടഞ്ഞ ഒച്ചകളെയും ഓർമ്മകളെയും പുനരാനയിക്കുന്ന രചനകൾ. പ്രതിനിധാനത്തിന്റെയും പ്രതിരോധത്തിന്റെയും കാവ്യഭാവനകൾ. സമകാലീനത, സർഗാത്മകത, ജ്ഞാനരൂപീകരണം പരമ്പരയിൽ ഉൾപ്പെട്ട കൃതി. കേരള സാഹിത്യ അക്കാദമി കനകശ്രീ അവാർഡ് നേടിയ കൃതി.




മുസാഫിറുകളുടെ ആകാശങ്ങൾ
നജീബ് മൂടാടി
പ്രവാസ കുറിപ്പുകൾ

**വില :₹ 250**

ISBN: 9788195026579

പ്രവാസ ജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ ആദ്യന്തം അലിഞ്ഞുചേർന്ന കൃതി. സിനിമയും സംഗീതവും സാഹിത്യവും പ്രണയവും വിരഹവും സ്ത്രീകളുടെ ഒറ്റപ്പെടലും മാറുന്ന സംസ്കാരവും ഉൾപ്പെടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന എഴുത്ത്. ലോകം എത്ര വിചിത്രമാണെന്നും സ്നേഹത്തിനും കരുതലിനും വേണ്ടി മാത്രമാണ് അൽപ്പായുസ്സുള്ള ജീവിയായി മനുഷ്യൻ ജനിക്കുന്നതെന്നും തോന്നിപ്പിക്കുന്ന രചനകൾ.





പൂക്കളുടെ വേദപുസ്തകം
സതി അങ്കമാലി
കവിതകൾ

**വില :₹ 200**

ISBN: 9788195026562

ജാതിയും വംശീയതയും ലിംഗ വിവേചനങ്ങളും വർഗ ചൂഷണങ്ങളും കൊണ്ട് പിളർന്നുപോയ മാനുഷികതയിൽ നിന്ന് അതിന്റെ ആദിമമായ മഹിമയെ വീണ്ടെടുക്കുന്ന കവിതകൾ. സമകാലീന കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയത്തിലും പ്രതിനിധാന രംഗങ്ങളിലും പാർശ്വവത്കൃത ജനതയുടെ സ്ഥാനത്തെക്കുറിച്ചുള്ള രാഷ്ട്രീയ ചോദ്യങ്ങൾ ഉന്നയിക്കുന്ന രചനകൾ. മുഖ്യധാരാ സാമാന്യ ബോധങ്ങളെ തിരുത്താനുള്ള ഭൗതിക യാഥാർഥ്യബോധവും ചരിത്ര സാംസ്കാരിക വൈവിധ്യങ്ങളും പങ്കുവെയ്ക്കുന്നു. സമകാലീനത, സർഗാത്മകത, ജ്ഞാന രൂപീകരണം പരമ്പരയിൽ ഉൾപ്പെട്ട കൃതി.





താഴ്‌വരകൾ പൂക്കുന്നിടം
അപർണ ശിവകാമി
യാത്രാ വിവരണം

**വില :₹ 250**

ISBN: 9788195026586

കാടും കടലും കടന്ന് മലയും പുഴയും താണ്ടി സ്ത്രീകൾ നടത്തുന്ന യാത്രകൾ. ആൺ'തുണ'യില്ലാതെ പെണ്ണുങ്ങൾ നടത്തുന്ന ലോകസഞ്ചാരങ്ങൾ. പല പല ദേശങ്ങൾ, ഭാഷകൾ, പലതരം മനുഷ്യർ. കാണാക്കാഴ്ചകൾ. കൗതുകപ്പെരുക്കങ്ങൾ. രസകരമായ പെൺയാത്രാ അനുഭവങ്ങൾ. മലയാളത്തിൽ ഇതേവരെ പുറത്തിറങ്ങിയ യാത്രാവിവരണ ഗ്രന്ഥങ്ങളിൽ ഭാഷയിലും ഭാവുകത്വത്തിലും വേറിട്ടു നിൽക്കുന്ന രചന. പെൺയാത്രകളുടെ പ്രസക്തിയും രാഷ്ട്രീയവും അടയാളപ്പെടുത്തുന്ന കൃതി. പെൺയാത്രകൾക്ക് ഒരു കൈപ്പുസ്തകം. സമകാലീനത, സർഗാത്മകത, ജ്ഞാനരൂപീകരണം പരമ്പരയിൽ ഉൾപ്പെട്ട കൃതി.





ചില്ലറ കടങ്ങൾ വീട്ടാനുണ്ട്
അൻവർഷാ യുവധാര
ഓർമ്മക്കുറിപ്പുകൾ

**വില :** ₹ 250

ISBN: 9788195026548

പ്രവാസ ലോകത്ത് അറിയപ്പെടുന്ന സാമൂഹ്യ പ്രവർത്തകന്റെ ജീവിതാനുഭവങ്ങൾ. അനുഭവങ്ങളും ഓർമ്മകളും ജീവിത പരിസരങ്ങളും ചേർത്തുവെച്ച് നടത്തുന്ന ആത്മഭാഷണം. മനുഷ്യത്വത്തിന്റെ മഴച്ചാറ്റലും ദാഹജലത്തിന്റെ കുളിർമ്മയും പകരുന്ന ആത്മീയാനുഭവങ്ങൾ. ഭാഷയുടെ തെളിമയിൽ ജീവിതങ്ങളെ പകൽ പോലെ വരച്ചിടുന്നു. എഴുത്തിലും വിശകലനത്തിലും പുലർത്തുന്ന ജാഗ്രതയും ലാവണ്യവും പുതിയ സാംസ്കാരിക ഭൂമികയെ നിർമ്മിക്കുന്നു.

ഓർമ്മക്കുറിപ്പുകൾ വില : ₹ 250





അടിയന്തരാവസ്ഥയിലെ കഥകൾ
എഡിറ്റേഴ്സ്
കെ. വി. കിഷോർ കുമാർ/എൻ. ബി. രമേഷ്
കഥകൾ

**വില :₹ 200**

ISBN: 9788195657605


അടിയന്തരാവസ്ഥയ്ക്ക് എതിരെ എഴുതപ്പെട്ട കരുത്തുറ്റ കഥകൾ. ഒ. വി. വിജയൻ, വി. കെ. എൻ, കാക്കനാടൻ, സി.വി.ശ്രീരാമൻ, എം. സുകുമാരൻ, എം.പി. നാരായണപ്പിള്ള, യു.പി.ജയരാജ്, അശോകൻ ചരുവിൽ, എൻ.പി.ചെക്കൂട്ടി, ബക്കളം ദാമോദരൻ, വി.വി.രുഗ്മിണി, നാരായണൻ ചെമ്മലശ്ശേരി, സി.ഉസ്മാൻ എന്നിവരാണ് എഴുത്തുകാർ. എഴുതാൻ മടിച്ചവർക്കും അധികാരത്തെ സ്തുതിച്ചവർക്കും ഭരണകൂട ഭീകരതയെ ഭയന്ന് നിശ്ശബ്ദത പാലിച്ചവർക്കും ഇടയിൽ നിർഭയം നില കൊണ്ടവരുടെ എഴുത്ത്. രണ്ടാം പതിപ്പ്.


www.goosebery.in
കഥകൾ
200




റോസാമീര
അനന്ത് പത്മനാഭൻ
നോവൽ
**വില :₹ 500**
ISBN: 9788195026517

മാനവരാശിക്ക് മുമ്പിൽ കൊട്ടിയടച്ച വാതിലുകൾ ചവിട്ടിത്തുറന്ന് പ്രത്യയശാസ്ത്ര അവബോധത്തിന്റെ അനിവാര്യതയെ സാക്ഷ്യപ്പെടുത്തുന്ന നോവൽ. വായനാ സംസ്കാരത്തിന്റെ വ്യവസ്ഥാപിത വ്യാകരണത്തെ അട്ടിമറിച്ച് അതിസങ്കീർണ്ണമായ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തെ സസൂക്ഷ്മം നിരീക്ഷിക്കുന്ന രചന. ഭക്തിയും പ്രാർഥനയും കൗൺസലിങ്ങും മനുഷ്യന്റെ വേദനകൾക്കും ദുരിതങ്ങൾക്കുമുള്ള ശാശ്വത പരിഹാരമല്ലെന്നും സമൂർത്തമായ രാഷ്ട്രീയ നിലപാടുകളാണ് വിമോചന മാർഗമെന്നും അടിവരയിട്ട് പറയുന്ന രചന.







സാമുദായിക രാഷ്ട്രീയവും സംവരണവും
സുദേഷ് എം രഘു
ലേഖനങ്ങൾ

**വില** :₹ 250

ISBN: 9788195026593

ഇന്ത്യൻ സമൂഹത്തിൽ സംവരണം ആരുടെയും ഔദാര്യമല്ല, മറിച്ച് സാമുദായിക നീതിയിലേക്കും സാഹോദര്യത്തിലേക്കുമുള്ള നേർവഴിയാണെന്ന് ഉറക്കെ വിളിച്ചു പറയുന്ന അതിശക്തമായ ലേഖനങ്ങളുടെ സമാഹാരം. സമകാലിക രാഷ്ട്രീയ സാഹചര്യങ്ങളിൽ സമുദായങ്ങളെ ചരിത്രപരമായി വിശകലനം ചെയ്യുന്ന രചനകൾ. സംവരണത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് മലയാളത്തിൽ പുറത്തിറങ്ങിയ അപൂർവം പുസ്തകങ്ങളിൽ ഒന്ന്.

www.gooseberry.in




പെൺകനൽരേഖകൾ
രജനി പാലാമ്പറമ്പിൽ
ജീവിതരേഖകൾ

**വില :₹ 200**

ISBN: 9788195657612

അനുഭവതീക്ഷ്ണമായ 11 ആത്മകഥകൾ. മധ്യ തിരുവിതാംകൂറിലെ 70-കൾ പിന്നിട്ട 11 ദളിത് അമ്മമാരുടെ ജീവിതം അവരുടെതന്നെ ഭാഷയിൽ ആവിഷ്കരിക്കുന്ന മനോഹരമായ പുസ്തകം. അവിശ്വസനീയമായ ജീവിത പരിസരങ്ങൾ, സംഭവബഹുലമായ ജീവിത മുഹൂർത്തങ്ങൾ, അരികുവത്കൃത ജീവിതങ്ങളിലേക്കുള്ള ഉൾക്കാഴ്ചകൾ, സമരപോരാട്ടങ്ങൾ, ജീവിത ദർശനങ്ങൾ. മലയാള/ദളിത് സാഹിത്യചരിത്രത്തിൽ രേഖപ്പെടുന്ന ശ്രദ്ധേയമായ കൃതി. വായനാ ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട 'ആ നെല്ലിമരം പുല്ലാണ്' എന്ന ആത്മകഥയ്ക്കു ശേഷം രജനി പാലാമ്പറമ്പിൽ തയ്യാറാക്കിയത്. സമകാലീനത, സർഗാത്മകത, ജ്ഞാന രൂപീകരണം പരമ്പരയിൽ ഉൾപ്പെട്ട കൃതി.

www.gooseberry.in
വില: ₹ 200




ശരീരം സമരം സാന്നിധ്യം
രഹന ഫാത്തിമ
ആത്മകഥ

**വില :₹ 300**

ISBN: 9788195026555

“ദീർഘകാലം ശരീരം കെട്ടിയിടപ്പെട്ട, ശാരീരികമായ ചലനങ്ങൾ തടയപ്പെട്ട, എനിക്ക് സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർഥം ശരീരത്തിന്റെ സ്വാതന്ത്ര്യമാണ്. ശരീരത്തിന്റെ രാഷ്ട്രീയം എന്റെ മേഖലയായതിന് പിന്നിൽ ഇത്തരം ഭീതിജനകമായ സംഭവങ്ങൾക്ക് പങ്കുണ്ട്. എന്റെ ശരീരത്തോട് മറ്റുള്ളവർ കാണിച്ച പീഡനങ്ങൾക്ക് പങ്കുണ്ട്. ഓർമ്മവെച്ച കാലം മുതൽ മർദിക്കപ്പെട്ടുകൊണ്ടിരുന്ന എന്റെ ശരീരത്തെ സ്നേഹിക്കുകയും ലോകത്തെ കാണിക്കുകയും ചെയ്യേണ്ടത് എനിക്ക് എന്നോട് തന്നെ ചെയ്യേണ്ട നീതിയായിരുന്നു. സാന്ത്വനമായിരുന്നു. പീഡിപ്പിക്കപ്പെട്ട എന്റെ ഉടലിൽ ഉമ്മ വെയ്ക്കാൻ ഞാൻ കാമുകരെ തേടി. ചതയ്ക്കപ്പെട്ട ശരീരത്തെ ഉമ്മ കൊണ്ട് മൂടാനും പരിലാളിക്കാനും ആയിരം കൈയുള്ള ആയിരം കാമുകരെ തേടി. പച്ചമുളക് പൂത്തെരിഞ്ഞ യോനിയിൽ അമൃതധാരക്ക് സ്നിഗ്ധ ലിംഗങ്ങൾ തേടി. ഞാനെന്റെ ശരീരത്തെ ആഘോഷിക്കുകയായിരുന്നു...”

രഹന ഫാത്തിമയുടെ സംഭവബഹുലവും സ്തോഭജനകവുമായ ആത്മകഥ. ഡോ. ജെ. ദേവികയുടെ അവതാരിക. സമകാലീനത, സർഗാത്മകത, ജ്ഞാനരൂപീകരണം പരമ്പരയിൽ ഉൾപ്പെട്ട കൃതി.




ഇടതുനെഞ്ചിലെ ഉച്ചാലുമാസങ്ങൾ
സിന്ധു മാങ്ങണിയൻ
ആത്മകഥ

**വില :₹ 200**

ISBN: 9788195657636

സിന്ധു മാങ്ങണിയൻ എന്ന ആദിവാസി യുവതിയുടെ അസാധാരണമായ ജീവിതകഥയാണ് 'ഇടതുനെഞ്ചിലെ ഉച്ചാലുമാസങ്ങൾ.' ഗോത്രകവിതകളിലൂടെ ശ്രദ്ധേയയായ സിന്ധു ചിത്രകാരി കൂടിയാണ്. വി.എച്ച്. ദിരാറാണ് അവതാരിക എഴുതിയിരിക്കുന്നത്. പണിയ വിഭാഗത്തിൽനിന്ന് ഒരു സ്ത്രീ എഴുത്ത് ജീവിതത്തിലെത്തുന്നത് സന്തോഷകരമാണെന്ന് അദ്ദേഹം പറയുന്നു. അജിത് എം. പച്ചനാടന്റെ പഠനവും പുസ്തകത്തിലുണ്ട്. ഒരു ജനതയെ നശിപ്പിക്കണമെങ്കിൽ അവരുടെ ചരിത്രം നശിപ്പിച്ചാൽ മതി എന്ന അംബേദ്കറുടെ ഓർമ്മപ്പെടുത്തൽ രാഷ്ട്രീയമായി തിരിച്ചറിയുന്നുണ്ട് ഗോത്ര ജീവിതത്തിന്റെ പുതുതലമുറയെന്ന് അദ്ദേഹം പറയുന്നു. മലയാളത്തിൽ അത്യപൂർവമാണ് ഇത്തരമൊരു ആത്മകഥ.






തടങ്കൽ പാളയത്തിലേക്കുള്ള വഴി
മസ്ഹർ
കവിതകൾ

**വില :₹ 150**

ISBN: 9788194585916

പുതിയകാലത്തെ ആഴത്തിൽ, അർഥപൂർണ്ണമായി അടയാളപ്പെടുത്തുന്ന കവിതകളുടെ സമാഹാരം. സത്യാനന്തരകാലത്ത്, ഫാസിസം അതിന്റെ ശൗര്യങ്ങളൊക്കെ പുറത്തെടുക്കുമ്പോൾ കവികളുടെ പ്രതിരോധ റിപ്പബ്ലിക്കിൽ അംഗമാകുക എന്ന സാഹിതീയ/രാഷ്ട്രീയദൗത്യം നിർവഹിക്കുകയാണ് കവി. നാം ജീവിക്കുന്ന ലോകത്തിന്റെ ആകുലതകളെ കാവ്യഭാഷയിലേക്ക് പരാവർത്തനം ചെയ്യുന്ന രചനകളാണ് സമാഹാരത്തിലുള്ളതെന്ന് അവതാരികയിൽ ഡോ. പി. കെ. പോക്കർ പറയുന്നു. നീതിക്കുവേണ്ടിയുള്ള കവിയുടെ വാക്കുകളും സ്വപ്നങ്ങളും സ്വാതന്ത്ര്യം സ്വപ്നം കാണുന്നവരുടെ അതിജീവനത്തിന് വേണ്ട ഊർജം പകരുമെന്ന പ്രത്യാശയും അദ്ദേഹം പ്രകടിപ്പിക്കുന്നു.

# മീനുകളുടെ സെമിത്തേരി





മീനുകളുടെ സെമിത്തേരി
സിന്ധുല രഘു
കവിതകൾ

**വില :₹ 150**

ISBN: 9788194585978

യുവതലമുറയിലെ ശ്രദ്ധേയയായ എഴുത്തുകാരി സിന്ധുല രഘുവിന്റെ കവിതാസമാഹാരമാണ് 'മീനുകളുടെ സെമിത്തേരി.' മലയാള കവിതാ പാരമ്പര്യത്തിന്റെ സമ്പന്നമായ തുടർച്ചയാണ് സിന്ധുലയുടെ കവിതകളെന്ന് എഴുത്തുകാരൻ എസ്. ഹരീഷ് നിരീക്ഷിക്കുന്നു. കടുത്ത നിറങ്ങളും തീക്ഷ്ണമായ ബിംബങ്ങളും വൈകാരികതയും നല്ല എഴുത്തിനോട് ചേർന്നുപോകുമെന്ന് പുസ്തകം തെളിയിക്കുന്നതായും ദൃശ്യഭാഷയോട് അടുക്കുന്ന ഭാഷയാണ് കവിയുടേതെന്നും അദ്ദേഹം പറയുന്നു. വാക്കുകൾക്കുമേൽ അടയിരിക്കുന്ന ഒരെഴുത്തുകാരിയുടെ പുതുജീവനുകളുടെ കണ്ടെത്തലുകളാണ് ഈ കവിതകളെന്ന് അവതാരികയിൽ പി. ശിവപ്രസാദ് പറയുന്നു.

www.gooseberry.in
₹150




മൂന്നാമത്തെ ഗുരു
അബൂ ആന്ത്രോത്ത്
നോവൽ

**വില :₹ 300**

ISBN: 9788195657674

അബൂ ആന്ത്രോത്ത് എന്ന ലക്ഷദ്വീപുകാരനായ യുവ എഴുത്തുകാരന്റെ ആദ്യനോവൽ. ലക്ഷദ്വീപും ജമ്മുകശ്മീരുമുൾപ്പെടെ വ്യത്യസ്ത ഭൂപ്രദേശങ്ങളിലേക്കും വ്യതിരിക്ത സംസ്കൃതികളിലേക്കും വായനക്കാരെ വഴിനടത്തുന്ന അനുഭവവൈവിധ്യങ്ങൾ. ജാതീയതയും സാമ്പത്തിക അസമത്വവും മനുഷ്യബന്ധങ്ങളിൽ തീർക്കുന്ന പ്രതിസന്ധികൾ. ഭൗതികവും ആത്മീയവുമായ വെല്ലുവിളികൾ നിറഞ്ഞ സംഘർഷ പരിസരങ്ങൾ. തിരിച്ചടികളെ മറികടന്നു മുന്നേറുന്ന വിജയഗാഥകൾ. ആത്മീയവും ദാർശനികവുമായ ഉൾത്തലങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന വായനാനുഭവം.

www.gooseberry.in നോവൽ വില ₹ 300




നിന്നുകത്തുന്ന കടലുകൾ
ജോളി ചിറയത്ത്
ആത്മകഥ


**വില :₹ 399**

ISBN: 9788195657681

നാലാം പതിപ്പ്

അങ്കമാലി ഡയറീസ്, വൈറസ്, കപ്പേള, മാലിക്ക്, വിചിത്രം, സുലൈഖ മൻസിൽ, പുലിമട തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയയായ അഭിനേത്രിയും ആക്റ്റിവിസ്റ്റുമായ ജോളി ചിറയത്തിന്റെ ആത്മകഥ. അഞ്ചു പതിറ്റാണ്ടുനീണ്ട ജീവിതമാണ് നടി പകർത്തിവയ്ക്കുന്നത്. കാലുഷ്യങ്ങളെ കടുപ്പിക്കുംവിധം, വൈഷമ്യങ്ങളെ പെരുപ്പിക്കുംവിധം സ്വാസ്ഥ്യം കെടുത്തുന്നതിലേക്ക് തന്റെ തുറന്നുപറച്ചിൽ ഇടയാക്കിയേക്കാമെന്ന് ആമുഖത്തിൽ പറയുന്നു. ജീവിതത്തോട് കഴിയാവുന്നത്ര സത്യസന്ധത പുലർത്തേണ്ടതുണ്ടെന്ന ഉറച്ച ബോധ്യത്തിലാണ് എഴുത്തെന്നും അനായാസമായിരുന്നില്ല എന്ന തിരിച്ചറിവാണ് അമ്പതുവർഷത്തെ ജീവിതത്തിന്റെ ബാക്കിപത്രമെന്നും അവർ എഴുതുന്നു.

www.gooseberry.in ആത്മകഥ 399





69 ഇറോട്ടികവിതകൾ
അനൂപ് ചന്ദ്രൻ
കവിതകൾ

**വില :₹ 300**

ISBN: 9788194585961

ആദിമവും ജൈവികവുമായ രതിചോദനകളുടെ ഉന്മാദ സൗന്ദര്യമത്രയും വാക്കിലും വരയിലും സർഗാത്മകമായി ലയിച്ചുചേരുന്ന അപൂർവസുന്ദര കവിതകൾ. രാംമോഹൻ പാലിയത്തിന്റെ 'ഫോർപ്ലേ അഥവാ കളിയൊരുക്കം', ഡോ. അനു പാപ്പച്ചന്റെ 'ഉയിരേ...ഉടലേ...' എന്നീ ആസ്വാദനക്കുറിപ്പുകൾ. "നിഷ്കളങ്കവും ശുദ്ധവുമായ രതിയുടെ വെടിക്കെട്ട്" എന്നാണ് രാംമോഹൻ 69-നെ വിശേഷിപ്പിക്കുന്നത്. 69-ന്റെ ആദ്യവായന ഏത് മോഡേണിസ്റ്റിനേയും ഞെട്ടിക്കുമെന്നും ചിലരിൽ അറപ്പുളവാക്കുമെന്നും എന്നാൽ അവരിത് വീണ്ടും വീണ്ടും വായിക്കുമെന്നും മറിച്ചുനോക്കി ആനന്ദിക്കുമെന്നും അദ്ദേഹം പറയുന്നു. ഒരിക്കലും എഴുതിത്തീരാത്ത കവിതയാണ് രതിയെന്നും ഈ കവിതകളുടെ ആദ്യവായനയിൽത്തന്നെ പ്രേമകാമനകളുടെ കടൽത്തീരത്തേക്ക് താൻ പതിയേ നടന്നുപോയെന്നും അനു പാപ്പച്ചൻ സാക്ഷ്യപ്പെടുത്തുന്നു. പ്രേം ആർ. നാരായണന്റെ വരകൾ കവിതകൾക്ക് മാറ്റുകൂട്ടുന്നു.

www.goosebery.in
കവിതകൾ ₹ 300




100 ഗുളികവിതകൾ/ 100 Tablet Kavithakal
കമറുദ്ദീൻ ആമയം
കവിതകൾ

**വില :₹ 250**

ISBN: 9788195657698

ഭാഷയുടെ മർമ്മമറിയുന്ന, വാക്കും വാക്കും കൊരുക്കുന്ന സൂക്ഷ്മശ്രദ്ധയിൽ വിസ്മയം തീർക്കുന്ന, കവി കമറുദ്ദീൻ ആമയം രചിച്ച 100 കുറുംകവിതകൾ. ഒരു കളക്റ്റേഴ്സ് എഡിഷൻ പോലെ മനോഹരമായ ഈ കാവ്യ സമാഹാരത്തെ സവിശേഷമാക്കുന്നത് മലയാളത്തിന്റെ പ്രിയനടനും എഴുത്തുകാരനും ചിത്രകാരനുമായ വി. കെ. ശ്രീരാമൻ വരച്ച 100 ചിത്രങ്ങളാണ്. ഒരു കാറ്റിനും ആറ്റാനാവാത്ത ചൂടുള്ള കവിതയാണ് കമറുദ്ദീന്റേ തെന്നും കാണാപ്പുറങ്ങളിലാണ് കവിയുടെ കണ്ണെന്നും അദ്ദേഹം കൗതുകത്തോടെ നിരീക്ഷിക്കുന്നു. കവിത കെട്ടിയുണ്ടാക്കുകയല്ല, കണ്ടെടുക്കുകയാണ് കമറുദ്ദീ നെന്ന് അവതാരികയിൽ കവി പി. പി. രാമചന്ദ്രൻ. ഭാഷ യിലെ കാമ്പുള്ള ഒരു Installation Art ആണ് 100 ഗുളി കവിതകളെന്നും അദ്ദേഹം പറയുന്നു.

www.gooseberry.in
9 788195 657698
₹ 250




പൃന്താൾ
ആർ. കെ. ഗോപാലകൃഷ്ണൻ
നോവൽ

**വില :₹ 160**

ISBN: 9788195657643

അയിത്തത്തെയും ജാതിയെയും കേന്ദ്രമാക്കി മനുഷ്യാന്തസ്സിനെ വിഭാവനം ചെയ്യുന്ന മനോഹര കൃതി. മലപ്പുറത്തെ ആദ്യകാല കമ്മ്യൂണിസ്റ്റ് ആർ. കെ. ഗോപാലകൃഷ്ണൻ (ആർ. കെ. ജി. മാഷ്) എഴുതിയ ആത്മകഥാംശമുള്ള നോവൽ. ഒരു ഓട്ടോ എത്നോഗ്രഫി എന്ന നിലയിലാണ് ഈ കൃതിയെ കാണാൻ ആഗ്രഹിക്കുന്നതെന്നും പതിവ് നോവലുകളുടെ രേഖീയ സ്വഭാവവും അടുക്കും ചിട്ടയും കോർത്തിണക്കലുമൊന്നും ഇല്ലാത്തതിനാൽ ഓരോ വായനക്കാരനും നിരൂപകനാവേണ്ടി വരുമെന്നും അവതാരികയിൽ വിനിൽ പോൾ. ദളിത് നോവൽ സാഹിത്യചരിത്രത്തിൽ ഇടം പിടിക്കാൻ പോകുന്ന വ്യത്യസ്തമായ രചന.

www.goosebery.in
വില : 160





ആത്മഗ്രഹണം
എ പദ്മനാഭൻ
കവിതകൾ

**വില :₹ 200**

ISBN: 9788194585923

മലയാളഭാഷയുടെ ഏറ്റവും നവീനമായ ക്രമം ദൃശ്യമാവുന്ന നാല്പത്തേഴ് കവിതകളുടെ സമാഹാരമാണ് ഈ പുസ്തകം. വായനക്കാരുടെ ഹൃദയത്തിൽ ഭാഷ കൊണ്ട് അദ്ഭുതങ്ങൾ സൃഷ്ടിക്കുകയല്ല, വൈകാരികതയുടെ ഏകീകരണത്തിലൂടെ അവരുമായി ഹൃദയബന്ധം കണ്ടെത്തുകയാണ് കവിതയുടെ ധർമ്മമെന്ന് ആസ്വാദനക്കുറിപ്പിൽ രഞ്ജന കെ കെ പറയുന്നു. കവിതയുടെ ദർപ്പണത്തിൽ എഴുത്തുകാരന്റെ സാമൂഹ്യ, രാഷ്ട്രീയ ദർശനങ്ങൾ പ്രതിഫലിക്കും. ആത്മഗ്രഹണത്തിലെ ആത്മാന്വേഷണങ്ങൾ രാഷ്ട്രീയ-പ്രണയ-പ്രകൃതി ഭ്രമണപഥങ്ങളിലെത്തുന്നത് അത്തരം ആവിഷ്കരണ ദൃശ്യത്തിന്റെ പൂർണ്ണതയാണ്.

www.gooseberry.in കവിതകൾ ₹ 200





കുഞ്ഞുതീ
ജെ.ദേവിക
നോവലെറ്റ്

**വില :₹ 250**

ISBN: 9788194585947

ആടിയുലയുന്ന കാറ്റിന്റെ ഊഞ്ഞാലിൽ ഒരു തൂവൽ പറന്നുകളിച്ചു വീഴുന്നപോലെ, പ്രപഞ്ചത്തിന്റെ അങ്ങേയറ്റത്തുനിന്ന് നക്ഷത്രമിന്നിപ്പൊടിയായി ഭൂമിയിൽ വീണിറങ്ങിയ കുഞ്ഞുതീയുടെ കഥ. ഒരു മനുഷ്യജീവിയായി ഭൂമിയിൽ ജീവിക്കാൻ അമ്മദേഹം തേടിയെത്തിയ, തീപ്പൊരിയേക്കാൾ ചെറുതായൊരു മിണ്ടുന്ന പ്രകാശത്തിന്റെ കഥ. നിരുപമ എന്ന അമ്മദേഹത്തിന്റെയും അനിക്കുട്ടൻ എന്ന അ-ദ്ദേഹത്തിന്റെയും സ്നേഹപടലത്തിനുള്ളിൽ ഒരു കുഞ്ഞുനക്ഷത്രമായി ഒളിഞ്ഞിരുന്ന് മനുഷ്യജീവിയായി പിറന്നുവീണ എയ്ഡന്റെ സാഹസിക ജീവിത കഥയാണ് ജെ. ദേവികയുടെ 'കുഞ്ഞുതീ' എന്ന ഈ വിലയേറിയ നോവലെറ്റ്. കുഞ്ഞുങ്ങൾ ജയിക്കുന്ന ലോകത്തിന്റെ വാഗ്ദാനം. കണ്ണിച്ചോരയില്ലാക്കോട്ടയിൽനിന്നും കുഞ്ഞുതീ രക്ഷപ്പെട്ട കഥ നമ്മെ ചിരിപ്പിക്കും, ചിന്തിപ്പിക്കും, സന്തോഷിപ്പിക്കും.

9 788194 585947
₹250




നവഫാസിസത്തിന്റെ വർത്തമാനം
കെ ഇ എൻ
ലേഖനങ്ങൾ

**വില :₹ 280**

ISBN: 9788195657650

നമ്മുടെ കാലത്തെ ഏറ്റവും ശ്രദ്ധേയമായ ഫാസിസ്റ്റു വിരുദ്ധ കൃതികളിലൊന്ന്. പതിനാല് പ്രബന്ധങ്ങളാണ് ഉള്ളടക്കം. പലസ്തീൻ ജനതയ്ക്കുമേൽ സാമ്രാജ്യത്വ സയണിസ്റ്റ് നവഫാസിസ്റ്റ് ഭീകരത നടത്തുന്ന ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ വംശഹത്യാ യുദ്ധവെറിയുടെ വിശകലനം മുതൽ വർത്തമാനകാല ഇന്ത്യനവസ്ഥയിൽ വെറുപ്പ് വൈറസ് സർവത്ര പടർത്തുന്ന ഹിന്ദുത്വഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള സൂക്ഷ്മമായ അന്വേഷണങ്ങൾ വരെ ഉള്ളടങ്ങുന്ന പുസ്തകം. ബ്രാഹ്മണിക്ക് ജാതിപ്രത്യയശാസ്ത്രത്തെ ആഴത്തിൽ അപഗ്രഥിക്കുന്ന കൃതി.

9 788195 657650
www.goosebery.in
ലേഖനങ്ങൾ ₹ 280




ലാലിപോപ്സ്
ലാലി. പി. എം.
ഓർമ്മ രാഷ്ട്രീയം സിനിമ

**വില :₹ 299**

ISBN: 9788194585992

ആക്റ്റിവിസ്റ്റും അഭിനേത്രിയുമായ ലാലി. പി. എം. എഴുതിയ ശ്രദ്ധേയമായ കുറിപ്പുകൾ. വിമർശനത്തിന്റെ, സ്വയം വിമർശനത്തിന്റെ, രാഷ്ട്രീയജാഗ്രതയുടെ ഒച്ചവയ്ക്കലുകൾ. ഓർമ്മ, രാഷ്ട്രീയം, സിനിമ എന്നീ മൂന്നു വിഭാഗങ്ങളായി തിരിച്ച കുറിപ്പുകളിൽ ജീവിതനിരീക്ഷണത്തിലെ വ്യതിരിക്തതയും പ്രസാദാത്മകതയും രാഷ്ട്രീയമായ ഉൾക്കാഴ്ചകളും തെളിഞ്ഞുകാണാം.

9 788194 585992
www.gooseberry.in
ഓർമ്മ രാഷ്ട്രീയം സിനിമ ₹299




പറന്ന്...പറന്ന്...പറന്ന്
സോണിയ റഫീക്ക്
പത്ത് കുട്ടിക്കഥകൾ

**വില :₹ 150**

ISBN: 9788197943928

കുട്ടിത്തത്തിന്റെ പുതുലോകത്തെ അടിപൊളിയായി അവതരിപ്പിക്കുന്ന പത്തുകുട്ടിക്കഥകൾ. ജിക്കുക്കുട്ടൻ, ജോണിപ്പട്ടി, ഫർഹാൻ, വണ്ണാത്തിക്കിളി, സിത്തു, പൂവാലി യണ്ണാൻ, അനന്തു, ഡെയ്സിക്കോഴി, റോണി, ഡോളിക്കുട്ടി തുടങ്ങി മനുഷ്യർക്കൊപ്പം മറ്റുജീവജാലങ്ങളും മഴയും മരങ്ങളും മിന്നാമിനുങ്ങും ബഹിരാകാശവും ഫുട്ബോളും ക്രിക്കറ്റ്ബോളുംവരെ സർവചരാചരങ്ങളും വന്നുനിറയുന്ന കഥാപ്രപഞ്ചം. പൂക്കളെപ്പോലെ ചിരിക്കുന്ന, തുമ്പികളെ പ്പോലെ ചലിക്കുന്ന, കിളികളെപ്പോലെ ചിലയ്ക്കുന്ന കുട്ടി ക്കൂട്ടങ്ങൾക്ക് ഒരു സ്നേഹോപഹാരം.

www.goosebery.in
₹ 150




ഹാപ്പിലി ഡിവോഴ്സ്ഡ്
എഡിറ്റർ: നിഷ രത്നമ്മ
അനുഭവക്കുറിപ്പുകൾ

**വില :₹ 200**

ISBN: 9788197943935

വിവാഹമോചനം നേടിയ പതിമൂന്ന് സ്ത്രീകളുടെ ജീവിതം വരച്ചിടുന്ന പുസ്തകം. പാട്രിയാർക്കി അടിച്ചേല്പിച്ച ആഘാതങ്ങളെ അതിജീവിച്ചവരുടെ 'ആമോദഭേരികൾ.' വിവാഹമോചനം എന്ന പദത്തിനൊപ്പമുള്ള വിമോചന സാധ്യത കാണാൻ കഴിയാത്തവിധത്തിൽ കാഴ്ചയെ പരിമിതപ്പെടുത്തുന്ന വ്യവസ്ഥാവിശേഷങ്ങളെ മുഖാമുഖം നിർത്തി പ്രശ്നവൽക്കരിക്കുകയാണ് നിഷ രത്നമ്മ എഡിറ്റു ചെയ്ത 'ഹാപ്പിലി ഡിവോഴ്സ്ഡ്' എന്ന പുസ്തകം. നിലച്ചു പോവുന്ന ജീവിതത്തിന്റെ ഒടുവിലത്തെ അധ്യായമായി ഡിവോഴ്സിനെ കരുതുന്നവർക്കുള്ള കൈപ്പുസ്തകമായി ക്കൂടി ഇതിനെ കരുതാം. 'സമകാലീനത സർഗാത്മകത ജ്ഞാനരൂപീകരണം' പരമ്പരയിൽ ഉൾപ്പെട്ട പുസ്തകം.




വീൽച്ചെയറിലെ തോന്ന്യാസി
അനീഷ് പുനലൂർ
അനുഭവക്കുറിപ്പുകൾ

**വില :₹ 150**

ISBN: 9788197943959

അനീഷ് പുനലൂർ എന്ന ഡിസേബിൾഡ് വ്യക്തി ഊറ്റിയും നീറ്റിയും എടുത്ത വാക്കുകളിൽ സഹജീവികളെ അടയാളപ്പെടുത്തുന്ന പുസ്തകം. ഒരു ദുഃസ്വപ്നമാകണേയെന്നു പ്രാർഥിക്കുന്ന യാഥാർഥ്യങ്ങളാണ് പുസ്തകം നിറയെ എന്ന് പഠനത്തിൽ ഡിസെബിലിറ്റി റൈറ്റ്സ് ആക്റ്റിവിസ്റ്റ് ശബരി പറയുന്നു. എയ്ബിളിസ്റ്റ് വ്യവസ്ഥ ഡിസെബിലിറ്റിയെ ശരീരത്തിന്റെ 'കുറവും' 'കേടുപാടുകളും' 'രാക്ഷസീയത' യുമായി കാണുന്നു; ഡിസെബിലിറ്റികൾ ഇല്ലാത്ത ശരീരത്തെ 'പൂർണ്ണ'ശരീരമായും 'ഉദാത്ത' ശരീരമായും. എന്നാൽ ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ സകല മനുഷ്യരും കടന്നുപോകേണ്ടിവരുന്ന ശാരീരിക, മാനസിക അവസ്ഥകളാണ് ഡിസെബിലിറ്റികൾ. എയ്ബിളിസ്റ്റ് വ്യവസ്ഥയുടെ ഭയത്തെയും അരക്ഷിതാവസ്ഥയെയും തുറന്നുകാണിക്കുന്ന കുറിപ്പുകൾ.






എന്റെ സിനിമാനിരൂപണ പരീക്ഷണങ്ങൾ
കെ. എം. ഷെരീഫ്
സിനിമാനിരൂപണം

**വില** :₹ 250

ISBN: 9788194585985

ചലച്ചിത്ര നിരൂപണത്തിലെ നടപ്പുരീതിമാതൃകകളെ പിൻപറ്റാതെ, കാണി എന്ന നിലയിലുള്ള സ്വതന്ത്ര വീക്ഷണങ്ങൾ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിക്കുകയാണ് എഴുത്തുകാരനായ കെ. എം. ഷെരീഫ്. സിനിമാപ്രേമിയായൊരു കാണിയുടെ ചൂടോടെയുള്ള അനുഭവപ്രതികരണങ്ങളാണ് ഈ കുറിപ്പുകളെന്ന് അവതാരികയിൽ ഡോ. അനു പാപ്പച്ചൻ പറയുന്നു. പലകാലങ്ങളിലെ പലതരം സിനിമകളുണ്ടിതിൽ. ക്ലാസിക്കുകളുണ്ട്, ജനപ്രിയ സിനിമകളുണ്ട്, സമാന്തരസിനിമകളുണ്ട്, പെൺസിനിമകളുണ്ട്, ഹോളിവുഡും ബോളിവുഡും കോളിവുഡുമുണ്ട്. അനുവർത്തനങ്ങളുണ്ട്, ആദ്യം കണ്ടതും വർഷങ്ങൾക്കുശേഷം വീണ്ടും കണ്ടതുമുണ്ട്. പലവിധം കാഴ്ചകളുമാണ്.

www.goosebery.in
സിനിമാനിരൂപണം ₹ 250




Goosebery Books & Publications
Amalanagar, Thrissur - 680 555
6235178393
www.goosebery.in | info@goosebery.in

Goosebery Books & Publications